പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 4229 — 19.10.2011 -ൽ മറുപടിയ്ക്ക്

## ഖാദി മേഖലയെ ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ<br>" വർക്കല കഹാർ<br>" ഹൈബി ഈഡൻ<br>" ജോസഫ് വാഴക്കൻ | സി.എൻ. ബാലകൃഷ്ണൻ<br>(ബഹു. സഹകരണവും, ഖാദിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഖാദി മേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഖാദി മേഖലയിൽ പുതുതായി 5000 പേർക്ക് തൊഴിൽ നൽകാൻ നടപടി സ്വീകരിച്ചു വരുന്നു. ഖാദി തൊഴിലാളികൾക്കുള്ള വേതന പൂരക പദ്ധതി (Income support scheme to Khadi Workers) തുടർന്നും നടപ്പിലാക്കുന്നതാണ്.<br>01/04/2010 മുതൽ ഖാദി കമ്മീഷൻ റിബേറ്റ് നിർത്തിയ സാഹചര്യത്തിൽ ഖാദി മേഖല മെച്ചപ്പെടുത്തുന്നതിനായി 2011-12 -ൽ നിലവിലുള്ള 10% റിബേറ്റിനു പുറമേ ഉത്സവകാലങ്ങളിൽ അധികമായി 10% റിബേറ്റു കൂടി നൽകുന്നതിന് 6 കോടി രൂപ സർക്കാർ അനുവദിച്ചു. |
| (ബി) | ഈ മേഖലയിലെ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഒരു വിദഗ്ധ സമിതിയ്ക്ക് രൂപം നൽകുമോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ? | (ബി) | ഖാദി മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 09/08/2011-ലെ സർക്കാർ ഉത്തരവ് (സാധാ)നം.992/2011/വ്യവ. പ്രകാരം ഏഴുപേർ അടങ്ങുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ